# ICSE SEMESTER 2 EXAMINATION
# SPECIMEN QUESTION PAPER
# MALAYALAM
## (SECOND LANGUAGE)

---

*Maximum Marks: 40*

*Time allowed: One and a half hours.*

*You will not be allowed to write during the first 10 minutes.*

*This time is to be spent in reading the question paper.*

***SECTION A is compulsory.***

***SECTION B** – Answer questions from **any two books** that you have studied.*

*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION A

**Question 1**

Write a short composition in **Malayalam** of approximately **200** words on any **one** of the following topics :— **[12]**

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **200** വാക്കിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക) :—

(i) കാലാവസ്ഥാവ്യതിയാനങ്ങൾ – കാരണങ്ങൾ, അതുമൂലമുണ്ടാകുന്ന വിപത്തുകൾ, പരിഹാരമാർഗങ്ങൾ ഇവയെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

(ii) നഗരജീവിതം ചിലപ്പോൾ നരകജീവിതമാകാറുണ്ട്. ഉപന്യസിക്കുക.

(iii) സ്കൂൾവിദ്യാർത്ഥികളെ ഉപദേശിച്ചു നന്നാക്കുന്നതിനൊപ്പം ശിക്ഷ നൽകുവാൻ പാടുണ്ടോ ? ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ പ്രതികരിക്കുക.

(iv) ''പ്രാണനെക്കാൾ മാനം വലുത്'' ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു കഥ എഴുതുക.

---


© Copyright reserved.

(v) താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക :-



## Question 2

Write a letter in **Malayalam** in approximately **120** words on any **one** of the topics given below :— **[8]**

(താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **120** വാക്കിൽ ഒരു കത്ത് എഴുതുക) :—

(i) ഒരു മത്സര പരീക്ഷയെ നേരിടുന്നതിനു എന്തെല്ലാം തയ്യാറെടുപ്പുകൾ നിങ്ങൾ നടത്തുന്നു എന്നു വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക.

**(അല്ലെങ്കിൽ)**

(ii) നിങ്ങളുടെ സമീപത്തുകൂടി ഒഴുകുന്ന ശുദ്ധജല വാഹിയായ നദിയിലേക്ക് മാലിന്യം തള്ളുന്നതിനെതിരെ പരാതിപ്പെട്ടുകൊണ്ട് ജലവിഭവ മന്ത്രിക്ക് ഒരു കത്തെഴുതുക.

## SECTION B

***(Answer questions from any of the two books that you have studied.)***

**സാഹിത്യസുരഭി - കഥകൾ**

## Question 3

(i) തന്റെ ജന്മദിനത്തിൽ കഥാകൃത്ത് രാത്രിഭക്ഷണം കഴിച്ച സാഹചര്യം വിവരിക്കുക. **[3]**

(ii) കിഴവന്റെ ഓർമശക്തി നശിച്ചിരുന്നു എങ്കിൽ എന്ന് പത്മനാഭപിള്ള ചിന്തിക്കാൻ കാരണമെന്ത് ? [3]

(iii) കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ആളുകൾ ശത്രുവിനെ കീഴ്പ്പെടുത്തിയതെങ്ങനെ ? [2]

(iv) അറുപതോടടുത്ത പ്രായം ഉണ്ടായിരുന്നെങ്കിലും ഫ്രാൻസിസിന് ഒരു യുവാവിന്റെ ഉന്മേഷം ഉണ്ടായിരുന്നു. കാരണമെന്ത് ? [2]

## സാഹിത്യസുരഭി - കവിതകൾ

**Question 4**

(i) ''പോയതിൻ കഥ ഭവാനെങ്ങനെ അറിഞ്ഞീടാൻ''. എവിടെയെല്ലാം പോയ കഥയാണിവിടെ സൂചിപ്പിക്കുന്നത് ? [3]

(ii) തച്ചന്റെ മകൾ മരക്കാമ്പുകളിൽ തീർത്ത മനോഹര ശില്പങ്ങളെപറ്റി വിവരിക്കുക. [3]

(iii) സൂര്യൻ കിഴക്ക് ദിക്കിനെ മറന്ന് നേർവഴിക്ക് തേർ തെളിച്ചു പോയാൽ എന്തൊക്കെ സംഭവിക്കും എന്നാണ് കവി സൂചിപ്പിക്കുന്നത് ? [2]

(iv) ''പുളകമണിഞ്ഞിട്ടുടനടി ഞാനൊരുപുതു ലോകത്തിലെ യുവനൃപനായ്'' എപ്പോൾ ? [2]

## മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - നോവൽ

## NOVEL - MAYYAZHIPPUZHAYUDE THEERANGALIL

**Question 5**

(i) ജീവിത്തിലെ ഏറ്റവും വലിയ ബുദ്ധി പരീക്ഷണത്തിൽ താൻ തോറ്റിരിക്കുന്നു എന്ന് ദാസൻ ചിന്തിക്കാൻ കാരണമെന്ത് ? [3]

(ii) ''എന്റെ പഴയ ആദർശങ്ങൾ മയ്യഴിയുടെ മോചനത്തോടെ തീർന്നു. ഇപ്പോൾ ഉള്ളത് പുതിയ ആദർശങ്ങൾ ആണ്''. ആരുടെ വാക്കുകൾ ? ആദർശത്തിൽ വന്ന മാറ്റം എന്ത് ? [3]

(iii) ദാസനെ പിരിഞ്ഞ ചന്ദ്രികയുടെ അവസ്ഥ എന്തായിരുന്നു ? [2]

(iv) ഫ്രഞ്ച് പൗരത്വം സ്വീകരിക്കുന്നതിനെക്കുറിച്ച് വാസുട്ടി പപ്പനോട് പറഞ്ഞത് എന്ത് ? [2]

## സാകേതം - നാടകം

## SAKETHAM - DRAMA

**Question 6**

(i) ആത്മബന്ധത്തിന്റെ ചോരയിൽ കുതിർന്ന കിരീടം ഇക്ഷ്വാകുവിന് ചേരില്ല എന്ന് രാമൻ പറഞ്ഞ സന്ദർഭം എന്ത് ? [3]

(ii) പുണ്യനദിയായ ഗംഗ കുമാരന്മാരെ സ്വീകരിച്ചത് എങ്ങനെ ? [3]

(iii) "ഒരു പാഠം പഠിച്ചു. കാമം തന്നെയാണ് ധർമ്മാർത്ഥങ്ങളേക്കാൾ ശക്തം" ആശയം വിശദമാക്കുക. [2]

(iv) മരവുരി അണിഞ്ഞ രാമലക്ഷ്മണന്മാർ സീതയോടൊപ്പം തേരിൽ മറഞ്ഞപ്പോൾ പ്രകൃതിശക്തികൾക്ക് ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം ? [2]